## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2742 — 27.01.2014 -ൽ മറുപടിക്ക്.

### നഴ്സുമാർക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. എം. പി. വിൻസെൻറ്<br>ശ്രീ. സി. പി. മുഹമ്മദ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സർക്കാർ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിൻെറ കാലത്ത് ആവിഷ്ക്കരിച്ചത്; വിശദമാക്കുമോ; | (എ) സർക്കാർ നഴ്സുമാർ മിനിമം വേജസ് നിയമത്തിൻെറ പരിധിയിൽ വരുന്നതല്ല. എങ്കിലും സ്വകാര്യ മേഖലയിലെ നഴ്സുമാരുടെ വേതനത്തിനും വളരെ ഉയർന്ന നിരക്കാണ് സർക്കാർ ആശുപത്രികളിൽ നൽകുന്നത്. |
| (ബി) സ്വകാര്യ ആശുപത്രി ഉൾപ്പെടെ വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പു വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) മിനിമം വേതനം ഉറപ്പ് വരുത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി രൂപീകരിച്ചിട്ടുള്ളതും ടി സമിതിയും മിനിമം വേതന ഉപദേശക സമിതിയും സംയുക്തമായി നടത്തിയ ചർച്ചയിൽ തീരുമാനമായതു പ്രകാരമുള്ള മിനിമം വേതനം നിയമപരമായ നടപടികളിലൂടെ വിജ്ഞാപനം ചെയ്തത് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ? | (സി) റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണറുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ സ്വകാര്യ ആശുപത്രികളിൽ സ്ക്വാഡ് പരിശോധന നടത്തി പുതുക്കിയ വേതനം നൽകുന്നില്ലെന്ന് കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. റീജിയണൽ ജോയിൻറ് ലേബർ കമ്മീഷണർ മുതൽ അസിസ്റ്റൻറ് ലേബർ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥരെ ഇതിനായി നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.